ഉത്തരം

(എ) 1207 ക്ഷേത്രങ്ങൾ.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്. ഇതിനായി കേരള ഭൂപരിഷ്ക്കരണ നിയമം ഭേദഗതി ചെയ്യാനുള്ള ബില്ല് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്വന്തമായി വെബ്സൈറ്റുള്ള ക്ഷേത്രങ്ങൾ

73 (1127) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ക്ഷേത്രങ്ങൾക്ക് സ്വന്തമായി വെബ്സൈറ്റുകളുണ്ട് ;

(ബി) പ്രസ്തുത വെബ്സൈറ്റുകൾ ദുരുപയോഗപ്പെടുത്താതിരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തുള്ള ഏതെങ്കിലും ക്ഷേത്രത്തിന്റെ വെബ്സൈറ്റ് ദുരുപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗുരുവായൂർ ക്ഷേത്രത്തിന്റെ പഴയ വെബ്സൈറ്റിലൂടെയും പുതിയ വെബ്സൈറ്റിലൂടെയും അശ്ലീല പ്രചാരങ്ങൾ നടത്തുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും പ്രസ്തുത അന്വേഷണം സൈബർ ക്രൈം സെല്ലിനെ ഏൽപ്പിക്കുമോ എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വന്തമായി വെബ്സൈറ്റുകളുള്ള ക്ഷേത്രങ്ങൾ താഴെ പറയുന്നവയാണ്.

1. പയ്യന്നൂർ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, പയ്യന്നൂർ
2. ചെർപ്പുളശ്ശേരി അയ്യപ്പൻകാവ് ക്ഷേത്രം, ചെർപ്പുളശ്ശേരി.
3. ചൊവ്വ ശിവക്ഷേത്രം, ചൊവ്വ
4. തിരുനാവായ നവാമുകുന്ദ ക്ഷേത്രം തിരുനാവായ
5. തൃപ്രങ്ങോട് ദേവസ്വം, തൃപ്രങ്ങോട്
6. തളി ദേവസ്വം, തളി
7. ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) ഗുരുവായൂർ ദേവസ്വത്തിന് വഴിപാടായി ലഭിച്ച ഒരു വെബ്സൈറ്റ് കാലാവധി തീർന്നതിനെ തുടർന്ന് യഥാസമയം പുതുക്കാൻ, വഴിപാടായി വെബ്സൈറ്റ് നൽകിയ സ്ഥാപനം, അനാസ്ഥ കാണിച്ചതിന്റെ ഫലമായി ഗുരുവായൂർ ദേവസ്വം.കോം എന്ന വെബ്സൈറ്റ് നഷ്ടപ്പെടുകയുണ്ടായി. പ്രസ്തുത വെബ്സൈറ്റ് പുതുക്കി എടുത്ത ജനീവയിലെ ബിലോ ഗ്രൂപ്പ് കമ്പനി അവരുടെ ഉല്പന്നങ്ങളുടെ പരസ്യത്തിന് വേണ്ടി വെബ്സൈറ്റ് ഉപയോഗപ്പെടുത്തിയതായി അറിയുന്നു. നഷ്ടപ്പെട്ട പ്രസ്തുത വെബ്സൈറ്റ് അമേരിക്കയിലെ ഒരു ഭക്തൻ വാങ്ങി ഗുരുവായൂർ ദേവസ്വത്തിന് മടക്കി നൽകിയിട്ടുണ്ട്. വെബ്സൈറ്റുകൾ യഥാസമയം പുതുക്കുകയും ആയത് നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേവസ്വം ബോർഡ് പ്രാഥമികാന്വേഷണം നടത്തി രണ്ടു ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. വിശദമായ അന്വേഷണം നടത്താൻ ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധനെ നിയോഗിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ അന്വേഷണത്തിന് ഉത്തരവൊന്നും നൽകിയിട്ടില്ല.

ശബരിമലയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

74 (1128) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി എന്ന് നടപ്പാക്കുമെന്ന് അറിയിക്കാമോ ;

(ഡി) പമ്പയിൽ നിലവിലുള്ള പ്ലാന്റിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ശബരിമല സന്നിധാനത്തിന് ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ഒരു രൂപരേഖ അംഗീകാരത്തിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുമ്പാകെ സമർപ്പിച്ചിരുന്നതിൽ ചില ഭേദഗതികൾ ബോർഡ് നിർദ്ദേശിച്ചതനുസരിച്ച് ആവശ്യമായ മാറ്റം വരുത്തി ഉടൻ സമർപ്പിക്കുന്നതാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly